**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1089** **10-08-2023 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ റെഗുലേറ്ററുകളുടെ പരിപാലനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട കുറുമാലി പുഴയിലെ മാഞ്ഞാംകുഴി റെഗുലേറ്റർ, മണലിപ്പുഴയിലെ ഓടഞ്ചിറ, തൃക്കൂർ റെഗുലേറ്ററുകൾ എന്നിവയുടെ സംരക്ഷണത്തിനും ജലനിരപ്പ് നിരീക്ഷണത്തിനും ഷട്ടറുകൾ തുറക്കുന്നതുൾപ്പടെയുള്ള കാര്യങ്ങൾ നോക്കുന്നതിനും പരിപാലനത്തിനുമായി ഉണ്ടായിരുന്ന വർക്കർമാരുടെ സേവനം നിലവിൽ ഇല്ലാതായതിനെ തുടർന്ന് പരിപാലനത്തിന് വലിയ വിഷമം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 2020 ആഗസ്റ്റ് മാസത്തിൽ നിലവിൽ ഉണ്ടായിരുന്ന ഏക ജീവനക്കാരനും വിരമിച്ചതോടെ പരിപാലനത്തിനും സംരക്ഷണത്തിനും ബുദ്ധിമുട്ടനുഭവപ്പെടുന്നതിനാൽ താൽക്കാലികമായെങ്കിലും വാച്ച്മാനേയോ വർക്കർമാരെയോ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഇറിഗേഷൻ വകുപ്പിലെ വിവിധ ഓഫീസുകളിൽ കാഷ്വൽ ലേബേഴ്സിനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പുതുതായി നിയമിക്കുന്നതിന് പകരം നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള HR/CLR/SLR വിഭാഗങ്ങളിലെ ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ട് ആവശ്യമായ സേവനം ഉറപ്പാക്കുന്നതിനുള്ള അടിയന്തിരനടപടികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ